പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3737

23.08.2017 ൽ മറുപടിക്ക്

## ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികളിൽ ഭൂരിപക്ഷവും ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്നവയാണെന്ന് സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ; | (എ) 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ കരിങ്കൽ ക്വാറികൾക്ക് ഖനനാനുമതി നൽകുന്നതും ഖനനം സംബന്ധിച്ച് പരിശോധന നടത്തുന്ന തിനെയും കുറിച്ച് സി.എ.ജി നടത്തിയ ആഡിറ്റിങ്ങിൽ കേരളത്തിലെ അഞ്ച് ജില്ലകൾ തെരഞ്ഞെടുക്കുകയും അതിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഖനനാനുമതിയോടെ പ്രവർത്തിച്ചു വന്നിരുന്ന 27 കരിങ്കൽ ക്വാറികൾ സന്ദർശിക്കുകയും ഉണ്ടായി. സന്ദർശനം നടത്തിയ 27 ക്വാറികളിൽ 21 എണ്ണത്തിൽ ക്വാറികളിൽ സുരക്ഷിതത്വക്കുറവ്, എക്സ്പ്ലോസീവ് ലൈസൻസുകളുടെ ദുരുപയോഗം, ക്വാറികളുടെ അതിർത്തികൾ വേർതിരിക്കാത്തത്, ഖനനാനുമതി കളുടെ കാലാവധി അവസാനിച്ചതിനുശേഷവും ഖനന പ്രവർത്തന ത്തിൽ ഏർപ്പെടൽ എന്നിങ്ങനെയുള്ള ലംഘനങ്ങളും ക്വാറികളിൽ കണ്ടെത്തുകയുണ്ടായി. ക്വാറികളിൽ ബെഞ്ചുകൾ രൂപപ്പെടുത്തി ഖനനം നടത്തണമെന്നും ശാസ്ത്രീയമായി തയ്യാറാക്കിയ മൈനിംങ് പ്ലാൻ അനുസരിച്ച് ഖനനം ചെയ്യണമെന്നുള്ള നിബന്ധന 2015 ലെ കെ.എം.എം.സി ചട്ടങ്ങളിൽ മാത്രമാണ് ഉൾക്കൊള്ളിച്ചത്. സി.എ.ജി സന്ദർശനം നടത്തിയ ക്വാറികൾ 2015 ന് മുമ്പേ പ്രവർത്തനം തുടങ്ങിയവയായിരുന്നതിനാൽ ശാസ്ത്രീയമായ ഖനനം നടത്തുവാൻ ക്വാറി ഉടമകൾക്ക് ഒരു പരിധിവരെ സാധിച്ചില്ലായെന്നതും വസ്തുതയാണ്. പുതിയ ചട്ടങ്ങൾ രൂപപ്പെടുത്തിയതിനുശേഷം ശാസ്ത്രീയമായ ഖനനം നടത്തുന്നതിലേയ്ക്ക് ബോധവത്ക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ക്വാറികൾ ഖനനശേഷം പൂർവ്വ സ്ഥിതിയിലാക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു | (ബി) 12 വർഷം വരെയുള്ള ദീർഘ കാലത്തേയ്ക്ക് ക്വാറിയിങ് ലീസ് അനുവദിച്ച് പ്രവർത്തിക്കുന്ന ക്വാറികൾ ഖനനം പൂർത്തിയാക്കിയ ശേഷം ഖനനം നടത്തുമ്പോൾ ലഭിക്കുന്ന മേൽമണ്ണ്/ മട്ടിക്കല്ല് |

നടപടി സ്വീകരിച്ചു.;

എന്നിവ ഉപയോഗിച്ച് ഖനന സ്ഥലം കൃഷിയോഗ്യമാക്കണമെന്ന് നിഷ്കർഷിക്കാറുണ്ട്. വളരെ വർഷങ്ങളായി പ്രവർത്തിച്ചു വന്നിരുന്ന ക്വാറികളിൽ ബെഞ്ചിങ് സംവിധാനം അനുവർത്തിയ്ക്കാതിരുന്നതിനാൽ ഈ വ്യവസ്ഥ പൂർണ്ണമായ അർത്ഥത്തിൽ പാലിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. നിലവിൽ ഖനനം ശാസ്ത്രീയമായി തയ്യാറാക്കിയ മൈനിങ് പ്ലാനിന് അനുസൃതമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഖനനം പൂർത്തിയാക്കുന്നതിന് ഒരു വർഷം മുമ്പ് മൈൻ ക്ലോഷർ പ്ലാൻ സമർപ്പിക്കേണ്ടതും ആയത് പ്രകാരം മൈൻ ക്ലോസ് ചെയ്യേണ്ടതുമാണ്.

(സി) പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ക്വാറികൾക്കുള്ള അനുമതി അടിയന്തരമായി റദ്ദു ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം 02.12.2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥികാനുമതി ലഭ്യമാക്കി മാത്രമേ ക്വാറികൾക്ക് പ്രവർത്തിക്കാൻ സാധിക്കു. എങ്കിലും ഇത്തരത്തിലുള്ള ക്വാറികളിൽ ചിലത് പാരിസ്ഥിതികാനുമതി കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് അവ നിർത്തിവയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**